# നീര കേക്ക് സി.ഡി.ബി നാഫെഡ് സ്റ്റാളിൽ വിൽപ്പനയ്ക്ക്

തിരുവനന്തപുരം : ക്രിസ്തുമസ് പുതുവത്സര വിപണി ലക്ഷ്യമാക്കി തിരുകൊച്ചി കമ്പനി വിപണിയിലിറക്കിയ നീര കേക്ക് നാളികേര വികസന ബോർഡിന്റെ ആസ്ഥാനത്തെ സി.ഡി.ബി നാഫെഡ് സ്റ്റാളിൽ നിന്നും ലഭ്യമാണ്. 400 ഗ്രാം കേക്കിന് 170 രൂപയും 800 ഗ്രാമിന് 330 രൂപയുമാണ് വില.

എറണാകുളം ജില്ലയിലെ നാളികേര ഉത്പാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്തിട്ടുള്ള തിരുക്കൊച്ചി നാളികേര ഉദ്പാദക കമ്പനിയുടെ നീര ശർക്കര കേക്കിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ലോഞ്ചിംഗ് കൊച്ചി മേയർ ശ്രീ. ടോണി ചമ്മണി ഇക്കഴിഞ്ഞ ശനിയാഴ്ച നിർവ്വഹിച്ചു.

തിരുകൊച്ചി കമ്പനിയുടെ കീഴിൽ നീര ടാപ്പ് ചെയ്യാൻ ലൈസൻസ് ലഭിച്ച കോതമംഗലം ഫെഡറേഷനാണ് മൂവാറ്റുപുഴയിലെ ഇൻഡ്യൻ ബേക്കറി വഴി നീരകേയ്ക്ക് നിർമ്മിച്ച് വിപണിയിലെത്തിക്കുന്നത്. പഞ്ചസാരയ്ക്കു പകരം നീര ശർക്കര സിറപ്പ് ഉപയോഗിച്ചാണ് കേയ്ക്ക് നിർമ്മിക്കുന്നത്. പഞ്ചസാരയുടെ പകുതി ഗ്ലൈസീമിക് ഇൻഡക്സ് ഉള്ള നീര ശർക്കര സിറപ്പ് ഉപയോഗിച്ചുണ്ടാക്കുന്ന രുചിയേറിയ കേയ്ക്ക് പ്രമേഹരോഗികൾക്കും ഉത്തമമാണ്.